(ബി) ഈ കമ്മിറ്റി അവസാനമായി എന്നാണ് കൂടിയത് എന്ന് അറിയിക്കുമോ;

(സി) ജില്ലയിൽ കൃത്യമായി ഈ കമ്മിറ്റി കൂടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ പോലീസിന്റെ മോണിറ്ററിംഗ് കമ്മിറ്റി കൃത്യമായി കൂടാറുണ്ട്. എ.ഡി.എം. ആണ് കമ്മിറ്റി വിളിക്കുന്നത്.

(ബി) കൊല്ലം ജില്ലാ പോലീസിന്റെ മോണിറ്ററിംഗ് കമ്മിറ്റി 4.5.99-ൽ ആണ് അവസാനമായി കൂടിയത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

37 (662) **പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ**

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാസർഗോഡ് ജില്ലയിൽപ്പെട്ട ചന്ദേര, ചിറ്റാരിക്കൽ പോലീസ് സ്റ്റേഷനുകളിൽ പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ കാര്യം സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന് മറുപടിയായി അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ കത്തിന്റെ (നം. 58015/ഇ1/ആഭ്യ: 08.01.98) ഉള്ളടക്കം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കത്തിൽ പറഞ്ഞ കാര്യങ്ങൾ ഇതുവരെയായും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചിറ്റാരിക്കൽ പോലീസ് സ്റ്റേഷനോടനുബന്ധിച്ച് പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 67 ലക്ഷം രൂപയുടേയും, ചന്ദേര പോലീസ് സ്റ്റേഷനോടനുബന്ധിച്ച് പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 62 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് സഹിതം പോലീസ് ഡയറക്ടർ ജനറൽ 1997-ൽ ഭരണാനുമതിക്കായി സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും ഫണ്ടിന്റെ അഭാവംമൂലം ഇതുവരേയും ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത പണികൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കാൻ നടപടിയെടുത്തശേഷം ഭരണാനുമതിക്കുള്ള നിർദ്ദേശം അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് 8.1.98 ലെ 58915/ഇ1/97/ആഭ്യന്തരം നമ്പർ സർക്കാർ കത്തിൽ എം.എൽ.എ. യെ അറിയിച്ചിരുന്നത്.

(സി) ബഡ്ജറ്റ് പ്രൊപ്പോസലുകളിൽ പ്രസ്തുത പണികൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപ്പുവർഷത്തെ ബഡ്ജറ്റിലും ഫണ്ട് ലഭ്യമല്ല. അതിനാൽ പ്രസ്തുത പണികൾക്കാവശ്യമായ ഫണ്ട് സഹിതം ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly